**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 180** **16-09-2025 - ൽ മറുപടിയ്ക്ക്**

**നെയ്യാറ്റിൻകര ജനറൽ ആശുപത്രി-ബഡ്ജറ്റ് തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര ജനറൽ ആശുപത്രിയ്ക്ക് ഭൂമി വാങ്ങുന്നതിനായി ബഡ്ജറ്റിൽ അനുവദിച്ച തുക വിനിയോഗിക്കുന്നതിനു വേണ്ടി നെയ്യാറ്റിൻകര ജനറൽ ആശുപത്രി സൂപ്രണ്ട് തിരുവനന്തപുരം ഡി.എം.ഒ.യ്ക്ക് 07.08.2025 നം.0-5177/23 പ്രകാരം നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ? | (എ) | നെയ്യാറ്റിൻകര ജനറൽ ആശുപത്രിയുടെ വികസനത്തിന് സ്ഥലം ഏറ്റെടുക്കുന്ന വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിലേക്കായി 50,00,000/-(അൻപത് ലക്ഷം രൂപ മാത്രം) രൂപ കണ്ടിജൻസ് ചാർജ് ഇനത്തിൽ 8443-00-117-99-00 എന്ന ശീർഷകത്തിൽ നിക്ഷേപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ ജില്ലാ മെഡിക്കൽ ആഫീസർ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ സമർപ്പിച്ചിരുന്നു. പ്രസ്തുത പ്രൊപ്പോസൽ പരിശോധിച്ച്, സെന്റ് ഒന്നിന് ഒരു ലക്ഷം രൂപ വച്ച് എൽ.എ കോസ്റ്റ് നിർണ്ണയിക്കുമ്പോൾ ഏറ്റെടുക്കേണ്ട 349.24 ആർ സ്ഥലത്തിന് ഏകദേശം 8,62,86,000/-(എട്ടുകോടി അറുപത്തി രണ്ട് ലക്ഷത്തി എൺപത്തി ആറായിരം രൂപ മാത്രം) രൂപ ഭൂമിയുടെ തറവില മാത്രമായി വരുന്നുണ്ടെന്നും ആയതിന്റെ സമാശ്വാസവും മറ്റും ചേർത്ത് 17,25,72,000/-(പതിനേഴ് കോടി ഇരുപത്തിയഞ്ച് ലക്ഷത്തി എഴുപത്തി രണ്ടായിരം രൂപ മാത്രം) രൂപ മൊത്തം എൽ എ കോസ്റ്റ് ഇനത്തിൽ വരുന്നുണ്ടെന്നും ആയതിനാൽ 50 ലക്ഷം രൂപ കണ്ടിജൻസി ചാർജ് ഇനത്തിൽ ഒടുക്കേണ്ടതുണ്ടെന്നും സ്പെഷ്യൽ തഹസീൽദാർ ആരോഗ്യ വകുപ്പ് ഡയറക്ടറെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ, നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ സ്ഥലം ഏറ്റെടുക്കുന്നതിന് കണ്ടിജൻസി ചാർജ് ഇനത്തിൽ 50 ലക്ഷം രൂപ 8443-00-117-99-00 എന്ന ശീർഷകത്തിൽ നിക്ഷേപിക്കുന്നതിനുള്ള പ്രപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ